പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1052 — 05.03.2020 ൽ മറുപടിക്ക്

# റെയിൽവേ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുന:സ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും, റെയിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, ആവശ്യപ്പെട്ടിട്ടുണ്ട്.<br>ആവശ്യത്തിന് പുതിയ വണ്ടികൾ അനുവദിക്കാത്തതും ഉള്ളവയിലെ കോച്ചുകൾ കുറച്ചതും സംസ്ഥാനത്ത് ട്രെയിൻ യാത്ര ദുസ്സഹമാക്കിയ കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ LHB കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനുള്ള |
| (ബി) | റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ കേന്ദ്ര അവഗണനയ്ക്കെതിരെ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | | |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കേരളത്തിൽ നിന്നും ബംഗളൂരുവിലേക്കുള്ള വർദ്ധിച്ച തോതിലുള്ള യാത്ര ആവശ്യവും സ്വകാര്യ ബസ്സുകൾ യാത്രക്കാരെ ചൂഷണത്തിന് വിധേയമാക്കുന്നതും കണക്കിലെടുത്ത് കേരള - ബാംഗ്ലൂർ സെക്ടറിൽ ദിവസേന രണ്ട് അധിക ട്രെയിൻ സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൂടാതെ തിരുവനന്തപുരം-പാലക്കാട് അമൃത എക്സ്പ്രസ് ട്രെയിനിന്റെ സമയമാറ്റം മൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സമയപട്ടിക പൂർവ്വ സ്ഥിതിയിൽ ആക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹു. മുഖ്യമന്ത്രി പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും, സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പ മന്ത്രി കേന്ദ്ര റെയിൽവേ വകുപ്പ മന്ത്രിക്കും, ഇത് സംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തോടുള്ള റെയിൽവേയുടെ അവഗണന അവസാനിപ്പിക്കണമെന്നും സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൽ അനുകൂല നിലപാട് കൈക്കൊള്ളണമെന്നും 10.07.2019, 30.12.2019, 16.01.2020, 06.02.2020 എന്നീ തീയതികളിലെ കത്തുകൾ മുഖേന സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന റെയിൽവേ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് ഉതകുന്ന എറണാകുളം - കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കൽ, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കൽ, തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ, കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതി, |

| | | | |
|---|---|---|---|
| | | | ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി (ശബരി) റെയിൽപാത, അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി, എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, വിവിധ റെയിൽവേ സ്റ്റേഷനുകളുടെ വികസനം, നേമം ടെർമിനലിന് പദ്ധതി, തിരുവനന്തപുരം - കാസർഗോഡ് വരെ സെമീ ഹൈസ്പീഡ് റെയിൽ കോറിഡോർ, കൊച്ചിയിലെ പഴയ റെയിൽവേസ്റ്റേഷൻ (ഇപ്പോൾ ഉപയോഗമില്ലാത്തത്) പുനർനിർമ്മാണം തുടങ്ങിയ പദ്ധതികളാണ് സംസ്ഥാനം മുന്നോട്ട് വച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ